LIBRARY ARCHIVES Kerala Legislative Assembly

ആദിവാസി ഭൂമിയിൽ കരിങ്കൽ ക്വാറി

17 (2831) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട്, കണ്ണൂർ, കോട്ടയം, ജില്ലകളിലെ ആദിവാസി ഭൂമിയിൽ കരിങ്കൽ ക്വാറികൾ നടത്തപ്പെടുന്നതായി പട്ടികജാതി ഗോത്ര കമ്മീഷന് പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ ലഭിച്ച പരാതികളിൽ അന്വേഷിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) കോട്ടയം, ഇടുക്കി ജില്ലകളിലെ ആദിവാസി ഭൂമി കയ്യേറി കരിങ്കൽ ക്വാറികൾ വ്യാപകമാക്കുന്നതിനുള്ള ശ്രമം നടത്തുന്നു എന്നത് സംബന്ധിച്ച് മലഅരയ സംരക്ഷണ സമിതി പട്ടികജാതി/പട്ടിക ഗോത്ര വർഗ്ഗ കമ്മീഷന് പരാതി നൽകിയിട്ടുണ്ട്.

(ബി) മേൽ പരാതിയിന്മേൽ 18-3-2015-ന് സ്ഥലം സന്ദർശിച്ച് പട്ടികജാതി/പട്ടിക ഗോത്ര വർഗ്ഗ കമ്മീഷൻ തെളിവെടുപ്പ് നടത്തിയിട്ടുണ്ട്. പരാതി ഇപ്പോൾ കമ്മീഷനിൽ വിചാരണയിലാണ്. പരാതിയിൽ കമ്മീഷൻ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. ടി കേസ് തീർപ്പ് കൽപ്പിച്ചിട്ടില്ല.

റബ്ബർ ഇറക്കുമതി നിർത്തലാക്കണമെന്ന നിവേദനവുമായുള്ള ഡൽഹി യാത്ര

18 (2832) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബർ ഇറക്കുമതി നിർത്തലാക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം നൽകുവാൻ മുഖ്യമന്ത്രി എത്ര പ്രാവശ്യം ഡൽഹിയിൽ പോയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ആവശ്യത്തിനായുള്ള നിവേദക സംഘത്തിൽ മുഖ്യമന്ത്രിക്കൊപ്പം മറ്റേതെങ്കിലും മന്ത്രിമാർ ഉണ്ടായിരുന്നോ ; എങ്കിൽ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ ;